# പതിനാലാം കേരളനിയമസഭ
## ഏഴാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*14</u>      <u>07/08/2017-ൽ മറുപടിക്ക്</u>

## <u>കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി പൂർത്തീകരണം</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>,, പി.ടി. തോമസ്<br>,, ഹൈബി ഈഡൻ<br>,, വി.പി.സജീന്ദ്രൻ | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| എ) | കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി പൂർണ്ണമായും യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ; | എ) | ഫ്രെയിം വർക്ക് എഗ്രിമെന്റ് പ്രകാരം വാഗ്ദാനം ചെയ്തിട്ടുള്ള എല്ലാ സഹായവും ഉറപ്പുവരുത്തുന്നതിനും, പ്രശ്നങ്ങളുണ്ടെങ്കിൽ പരിഹരിക്കുന്നതിനും വേണ്ടി ഒരു മൂന്നംഗ കമ്മിറ്റി രൂപീകരിച്ചു. സർക്കാരിനെ പ്രതിനിധീകരിച്ച് ഐ.ടി സെക്രട്ടറിയെ ഈ കമ്മിറ്റിയിലേയ്ക്ക് നിയോഗിച്ചു. ഈ കമ്മിറ്റി യോഗം ചേർന്ന് ഫ്രെയിം വർക്ക് എഗ്രിമെന്റ് പ്രകാരം ഉറപ്പുവരുത്തേണ്ട എല്ലാ കാര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ടെന്ന് പരിശോധിക്കുകയും, പദ്ധതി പൂർണ്ണമായും യാഥാർത്ഥ്യമാക്കാൻ ആവശ്യമായ കാര്യങ്ങൾ ഏകോപിപ്പിക്കുകയും ചെയ്തു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഇനി എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ ഈ പദ്ധതി പൂർത്തീകരിക്കുന്നതിന് നടത്താനുണ്ട്; വിശദമാക്കുമോ; | (ബി) | പ്രസ്തുത പദ്ധതി പൂർണ്ണമാക്കുന്നതിനായി സ്മാർട്ട് സിറ്റി അധികൃതരുടെ ഭാഗത്തുനിന്നും രണ്ട് പാലങ്ങൾ, ബാക്കി റോഡുകൾ എന്നിവ പൂർത്തീകരിക്കേണ്ടതുണ്ട്. സ്മാർട്ട് സിറ്റിയുമായുള്ള ഫ്രെയിം വർക്ക് എഗ്രിമെന്റ് പ്രകാരം പദ്ധതി നടത്തിപ്പിനായി മെട്രോ കണക്ടിവിറ്റി, വൈദ്യുതി, ജല വിതരണ സംവിധാനങ്ങൾ, അനുബന്ധ റോഡുകളുടെ നിർമ്മാണം എന്നിവ പൂർത്തീകരിക്കേണ്ടതുണ്ട്. 220 KV GIS substation മുഖേന വൈദ്യുതി വിതരണം പങ്കിടുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. |
| സി) | എത്ര തൊഴിലവസരങ്ങളാണ് ഈ പദ്ധതിമൂലം സംജാതമാകുന്നതെന്ന് വിശദീകരിക്കാമോ; | സി) | പ്രസ്തുത പദ്ധതി നടത്തിപ്പിലൂടെ ഏകദേശം 90,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്നതാണ്. 6.5 ലക്ഷം ച.അടി വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി കെട്ടിടം പ്രവർത്തനം ആരംഭിയ്ക്കുകയും, ഏകദേശം 2500 പേർ അവിടെ പ്രവർത്തിച്ചു വരികയും ചെയ്യുന്നു. |
| ഡി) | സ്മാർട്ട് സിറ്റി പ്രവർത്തനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ? | ഡി) | സ്മാർട്ട് സിറ്റി പ്രവർത്തനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി ഒരു മൂന്നംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ അനുവദിച്ച ഭൂമിയുടെ അളവും, കൈവശവകാശം ലഭിച്ച ഭൂമിയുടെ വിസ്തൃതിയും തമ്മിൽ വ്യത്യാസമുണ്ടെന്ന |

| | | | |
|---|---|---|---|
| | | | സ്മാർട്ട് സിറ്റി അധികൃതരുടെ ആശങ്ക പരിഹരിക്കാനായി ഭൂമി അളന്ന് തിരിച്ച് അതിർത്തി നിർണ്ണയിച്ചുതരാൻ കമ്പനി അധികൃതർ കളക്ടറെ സമീപിക്കാനും, കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിഷയം തീർപ്പാക്കാനും തീരുമാനിച്ചിട്ടുണ്ട്. പദ്ധതി പ്രദേശത്തിന് മധ്യത്തിലൂടെ പോകുന്ന PWD റോഡ് പദ്ധതിയെ ബാധിക്കാത്ത രീതിയിൽ പുന:ക്രമീകരിക്കാൻ സർക്കാർ തലത്തിൽ നടപടി തുടങ്ങിയിട്ടുണ്ട്. ഫ്രെയിം വർക്ക് എഗ്രിമെന്റ് പ്രകാരം (2020-21) പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ മറ്റു തടസങ്ങൾ ഒന്നും തന്നെ നിലവിലില്ല. |

**സെക്ഷൻ ഓഫീസർ**